# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *173** **03.10.2016-ൽ മറുപടിക്ക്**

## തീവ്രവാദ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ആഭ്യന്തര വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി സംസ്ഥാനത്ത് സ്പെഷ്യൽ ബ്രാഞ്ചിൽ ഒരു ഇന്റേണൽ സെക്യൂരിറ്റി വിംഗ് പ്രവർത്തിച്ചു വരുന്നു. ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഓഫീസറും, ഡി.വൈ.എസ്.പി റാങ്കിലുള്ള 9 ഓഫീസർമാരും, 31 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ഈ വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾ ഈ വിഭാഗം പ്രത്യേകം നിരീക്ഷിച്ചും ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ഏജൻസികളുമായി പരസ്പരം കൈമാറിയും ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനുവേണ്ടി എ.ഡി.ജി.പി (ക്രൈംസ്) യുടെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ പ്രത്യേകമായി ഒരു ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും (ഐ.എസ്.ഐ.ടി) പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഒരു എസ് പി യും, 2 ഡി.വൈ.എസ്.പി മാരും, 2 സർക്കിൾ ഇൻസ്പെക്ടർമാരും 2 സബ് ഇൻസ്പെക്ടർമാരും, ഹെഡ് കോൺസ്റ്റബിൾ മാരും പ്രവർത്തിച്ചു വരുന്നു. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തിന് കീഴിൽ |

കൊച്ചിയിലും, കോഴിക്കോട്ടും ക്യാമ്പ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതിനു പുറമെ വനമേഖലകൾ തീവ്രവാദികൾ താവളമാക്കുന്നത് തടയുന്നതിനുവേണ്ടി കേരളാ പോലീസും, വനം വകുപ്പും ആദിവാസികളുടെ സഹകരണത്തോടെ വനമേഖലകളിൽ സംയുക്ത പരിശോധനയും രഹസ്യ നിരീക്ഷണവും നടത്തി വരുന്നു. കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുടെ അതിർത്തി വനമേഖലയിൽ മാവോയിസ്റ്റ് പോലുള്ള തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് അയൽ സംസ്ഥാന പോലീസ്, വനം വകുപ്പ് എന്നിവരുമായി സഹകരിച്ച് ഉൾക്കാടുകളിൽ നിരീക്ഷണം നടത്തുകയും വന ജാഗ്രതാ സമിതി രൂപീകരിക്കുകയും വനമേഖലയിൽ നിന്നുള്ള രഹസ്യാന്വേഷണ നിരീക്ഷണം ശക്തിപ്പെടുത്തുകയും ചെയ്തു വരുന്നു. സംസ്ഥാനത്തു സമുദ്രാതിർത്തിവഴിയുള്ള ഭീകര പ്രവർത്തനം തടയുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ തീവ്രവാദ ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും, സംഘടനകളുടെയും പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി സംശയിക്കുന്ന വ്യക്തികൾ ബന്ധപ്പെടുന്ന ആൾക്കാരുടെയും പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും നെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഏതെല്ലാം ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(സി) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനലൈസിസ് വിംഗ് എന്നീ ഏജൻസികളുമായി സഹകരിച്ച് വിവരങ്ങൾ കൈമാറി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**